പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1616 — 13.06.2014- ൽ മറുപടിക്ക്

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന കാരുണ്യവും അനുകമ്പയും അർഹിക്കുന്ന ആലംബഹീനർ, അഗതികൾ, കുട്ടികൾ, വയോജനങ്ങൾ, രോഗം മൂലം അവശതയനുഭവിക്കുന്നവർ തുടങ്ങിയ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയെന്നതാണ് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ലക്ഷ്യം. |
| (ബി) | ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 18 വയസ്സിനു താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, മറ്റു മാരക രോഗബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി, ബധിര മൂകരായ കുട്ടികളുടെ ശ്രവണ വൈകല്യം മാറ്റുന്നതിനുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി, ചൂഷണത്തിനു വിധേയരായി അവിവാഹിത അമ്മമാരായ സ്ത്രീകൾക്കുള്ള സ്നേഹസ്പർശം പദ്ധതി, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സ്നേഹസാന്ത്വനം പദ്ധതി, വയോജന ങ്ങൾക്ക് ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന വയോമിത്രം പദ്ധതി, ശയ്യാവലംബർ, ബുദ്ധി വൈകല്യ മുള്ളവർ, ഓട്ടിസം/ സെറിബ്രൽ പാൾസി എന്നിവ ബാധിച്ചവർ, മാനസിക വൈകല്യമുള്ളവർ എന്നിവരെ |

| | | | |
|---|---|---|---|
| | | | പരിചരിക്കുന്നവർക്കുള്ള ആശ്വാസ കിരണം പദ്ധതി, മാതാ പിതാക്കൾ രണ്ടും പേരും മരിച്ചുപോവു കയോ, ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതിയില്ലാതാവുകയും ചെയ്യുന്ന വീടുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി, വൃക്കതകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട രോഗികൾക്ക് പ്രതിമാസ ധനസഹായം നൽകുന്ന സമാശ്വാസം പദ്ധതി, വൃക്ക/കരൾ മാറ്റിവയ്ക്കപ്പെട്ടവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ എന്നിവരിൽ നിന്നും സമാഹരിക്കുകയും അവരുമായി ചേർന്ന് സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വീ കെയർ പദ്ധതി എന്നിവ നടപ്പിലാക്കുന്നു. |
| (സി) | ഈ പദ്ധതിയുടെ പൈലറ്റ് പ്രോജക്റ്റായി ആരംഭിച്ച വിശപ്പുരഹിത നഗരം, ആശ്വാസകിരണം, എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | വിശപ്പുരഹിത നഗരം പദ്ധതി, ആശ്വാസകിരണം പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.<br>1. വിശപ്പുരഹിത നഗരം പദ്ധതി<br>ചില പ്രത്യേക സന്ദർഭങ്ങളിൽ നഗരപ്രദേശങ്ങളിൽ എത്തിച്ചേരുന്നവർ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭക്ഷണം കഴിക്കാതിരിക്കുന്ന അവസ്ഥ മനസ്സിലാക്കി ഇത്തരക്കാർക്ക് ഒരു നേരത്തെ സൗജന്യ ഭക്ഷണം നൽകുകയെന്ന ലക്ഷ്യത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് ആരംഭിച്ച പദ്ധതി 2012-13 വർഷത്തിൽ കോഴിക്കോട് നഗരത്തിനു പുറമെ മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽക്കൂടി വ്യാപിപ്പിക്കുകയുണ്ടായി. |

| | | | | |
|---|---|---|---|---|
| | | | | 2. <u>ആശ്വാസകിരണം പദ്ധതി</u><br>തീവ്രമായി ശാരീരിക മാനസിക വെല്ലുവിളികളാൽ അവശതയനുഭവിക്കുന്നവരെയും, ശയ്യാവലംബരേയും സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മാനസികരോഗങ്ങൾ, ഓട്ടിസം എന്നീ വൈകല്യങ്ങളാൽ കഴിയുന്നവരേയും പരിചരിക്കുന്നവർക്ക് മറ്റ് തൊഴിലുകളിൽ ഏർപ്പെടാൻ സാധിക്കുന്നില്ല. പരിചരണവുമായി ദീർഘകാലം കഴിയേണ്ടിവരുന്നവർ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഇത്തരക്കാർക്ക് ചെറിയൊരു ആശ്വാസം നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ആശ്വാസ കിരണം പദ്ധതി നടപ്പാക്കി വരുന്നത്. പ്രതിമാസം 525 രൂപ നിരക്കിൽ സംസ്ഥാനത്തെ 54,855 ഗുണഭോക്താക്കൾക്ക് മുടക്കമില്ലാതെ ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ